LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, തിരുവനന്തപുരത്ത് ഒരു കോളേജ് വിദ്യാർത്ഥിനിക്ക് നടുറോഡിലുണ്ടായ ആക്രമണത്തിന് കേസ്സെടുക്കാൻ പോലും പോലീസ് തയ്യാറായില്ല എന്നുള്ളത് വളരെ ദുഃഖകരമായ അവസ്ഥയാണ്. ഇന്നലെ പ്രതിപക്ഷനേതാവ് സഭയിൽ ഈ പ്രശ്നം ഉന്നയിച്ചതിനുശേഷംമാത്രമാണ് കേസ്സെടുക്കാൻ തയ്യാറായത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതു പോലെ പെൺകുട്ടിയെ സ്റ്റേഷനിൽ വിളിച്ചുവരുത്തി കേസ് കോംപ്രമൈസ് ചെയ്യാനുള്ള ശ്രമങ്ങളാണ് പോലീസ് നടത്തിയിട്ടുള്ളത്. ഇത് അത്യന്തം ഗുരുതരമായ ഒരു പ്രശ്നമായി നമ്മൾ കാണണം. ഇന്നു രാവിലെ ചോദ്യോത്തര വേളയിൽ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളെക്കുറിച്ച് പറഞ്ഞു. പരാതി കൊടുത്താൽ ആ പരാതി കാര്യക്ഷമമായി പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കുമെന്ന് പറഞ്ഞു, അതേ പോലീസ് സ്റ്റേഷനിൽ മൂന്നു ആഴ്ചയ്ക്കുമുമ്പ് കൊടുത്ത പരാതിയിന്മേൽ കേസ്സെടുക്കാതിരിക്കുകയും വനിതാ കമ്മീഷനിൽ കൊടുത്തകാര്യം അന്വേഷിക്കാതിരിക്കുകയും ചെയ്തതിൽനിന്നും ആരെയൊക്കെയോ രക്ഷിക്കാനുള്ള ശ്രമങ്ങൾ ഇതിന്റെ പിന്നിൽ നടക്കുന്നുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ ഇവിടെ പറഞ്ഞതുപോലെ, ഈ കുട്ടി വനിതാ കമ്മീഷനിൽ കൊടുത്ത പരാതിയിൽ പറഞ്ഞിട്ടുള്ളത്; ആ കുട്ടി നേരത്തെ പ്രവർത്തിച്ചിരുന്ന വിദ്യാർത്ഥി സംഘടനയിൽനിന്ന് മാറി, അതുകൂടി ഇതിന് കാരണമാകുന്നുണ്ടെന്നാണ്. രാഷ്ട്രീയമായ കാര്യങ്ങൾക്കുവേണ്ടിയാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നാണ് ഇതിൽനിന്നൊക്കെ മനസ്സിലാക്കേണ്ടത്. കോളേജിന് പുറത്തുവച്ച് നടുറോഡിൽ ഒരു പെൺകുട്ടിയെ അപമാനിച്ചതിനെതിരെ നടപടി സ്വീകരിക്കാത്തത് അവരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അനാസ്ഥയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ പത്തും പതിനഞ്ചും വർഷം പഴക്കമുള്ള കേസ്സുകൾ പൊടിതട്ടിയെടുത്ത് അന്വേഷിക്കാൻ ഉത്തരവിടുന്ന ആഭ്യന്തര വകുപ്പുമന്ത്രി ഈ കേസിൽ എന്തുകൊണ്ട് ഈ രീതിയിലുള്ള സമീപനം സ്വീകരിക്കുന്നുവെന്നുള്ളത് മനസ്സിലാകുന്നില്ല. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

[ശ്രീ. പി. കെ. അബ്ദുറബ്ബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി]

[ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.]

IV ശ്രദ്ധ ക്ഷണിക്കൽ

1. ദേശീയ ജലപാതാ വികസനത്തിന് അനുവദിച്ച തുക

ശ്രീ. വർക്കല കഹാർ : സർ, സംസ്ഥാനത്തെ ദേശീയ ജലപാതാ വികസനത്തിനായി പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുകയുടെ സിംഹ ഭാഗം സംസ്ഥാന സർക്കാരിന്റെ നിരുത്തരവാദപരമായ നടപടികളുടെ ഭാഗമായി ലാപ്സായി പോകുമോ എന്ന് സംശയിക്കേണ്ട സ്ഥിതി

വിശേഷമാണ് നിലനിൽക്കുന്നത്. `Kerala needs smart waterways' എന്നാണ് ശ്രീ. എ. പി. ജെ. അബ്ദുൾകലാം ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുള്ളത്. നമ്മുടെ നാടിന്റെ പുരോഗതിക്കും കേരളത്തിന്റെ ഭാവിക്കും ഐശ്വര്യത്തിനും വികസനത്തിനും പ്രധാനമായി കാണേണ്ട വാട്ടർവേയ്സ് നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ടി. എസ്. കനാലും അതിന്റെ അനുബന്ധ ഘടകങ്ങളും പുനരുദ്ധരിക്കുകയെന്നത് കേരളത്തിലെ ജനങ്ങളുടെ ചിരകാലാഭിലാഷമാണ്. അവികസിതമായ ഒരു പ്രദേശത്തെ വികസിപ്പിച്ചെടുക്കുന്നതിന് ഇത് ഏറ്റവും പ്രധാനപ്പെട്ട ആവശ്യവുമാണ്. ടി. എസ്. കനാലിന്റെ തന്നെ തിരുവനന്തപുരം മേഖലയിലെ ഒരു മേജർ സ്ട്രെച്ചായ ഇടവ- നടയറ കായൽ മുതൽ കോഴിത്തോട്ടം വരെയുള്ള പ്രദേശത്തെ കനാലും 722 മീറ്റർ വരുന്ന ശിവഗിരി തുരങ്കവും 355 മീറ്റർ വരുന്ന ചിലക്കൂർ തുരങ്കവുമൊക്കെ ചരിത്രസംഗതിയായി നിലനിൽക്കുന്നതാണ്. 1850-ൽ ആയില്യം തിരുനാൾ മഹാരാജാവ് നമ്മുടെ നാട് ഭരിക്കുന്ന കാലത്ത്, ഈ വാട്ടർവേയ്സിന്റെ പുതുക്കിപ്പണിയാനുള്ള പ്രധാനപ്പെട്ട ഭാഗങ്ങളുടെ പണി പൂർത്തിയാക്കിയതാണ്. ഈ ടണൽ ഏഷ്യയിലെതന്നെ ഈ രൂപത്തിലും പ്രകൃതത്തിലുമുള്ള ഏക നിർമ്മാണമാണ്. ഏകദേശം 1970 വരെ ബോട്ടുകളും വള്ളങ്ങളും കാർഗോ വെസൽസും ഇതുവഴി സഞ്ചരിക്കുമായിരുന്നു. ഞാൻതന്നെ ഈ സഭയിൽ പറഞ്ഞിട്ടുള്ളതുപോലെ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ മയൂരസന്ദേശത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള വളരെ ചരിത്രപ്രധാനമായ ഈ സംഭവം നമ്മുടെ പൗരാണിക സാങ്കേതികവിദ്യയുടെ ഏറ്റവും വലിയ മകുടോദാഹരണമാണ്. വിക്ടോറിയൻ ശൈലിയിലുള്ള നടപ്പാതകളും തൊട്ടിപ്പാലങ്ങളും ഇതിന്റെ വലിയ പ്രത്യേകതകളാണ്. പണ്ടുകാലത്ത് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളെ അവിടെകൊണ്ടുവന്ന് ഈ സാങ്കേതിക വിദ്യ കാണിക്കാനും പഠിപ്പിക്കാനുമായി സ്റ്റഡി ടൂറുമായി ബന്ധപ്പെട്ട് ഉപയോഗിക്കുമായിരുന്നു. കൂടാതെ നമ്മുടെ കോളനി വാഴ്ചക്കാലത്തെ ശേഷിപ്പുകളിൽ ഒന്നായ ഇത് തീവണ്ടി ഗതാഗതം ഇല്ലാതിരുന്ന കാലത്ത് നമ്മുടെ നാട്ടിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ചരക്കു ഗതാഗതത്തിന് ഉപയോഗിക്കുന്ന ഒന്നായിരുന്നു. ചരക്കു ഗതാഗതത്തിന് അതിന്റെ മുന്നിലൊരുഭാഗം കൂലി കൊടുത്തുകൊണ്ട് ഇന്നും പോകാൻ കഴിയുന്നതാണ്. നമ്മുടെ തീരദേശത്തെ കയർവ്യവസായം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കയറുൽപ്പന്നങ്ങൾ കൊണ്ടുപോകുന്നതിന് ചരക്കുകൂലി പ്രധാനപ്പെട്ടതാണ്. അതിന്റെ മുന്നിലൊന്നുമാത്രം ചരക്കുകൂലി കൊടുത്തുകൊണ്ടുപോകുന്നത് പ്രധാനമായും ആ വ്യവസായത്തെ ഏറ്റവും കൂടുതൽ ബാധിക്കുന്നതും രക്ഷിക്കാൻ ഉതകുന്നതാണ്. നാലു വർഷങ്ങൾക്കു മുമ്പേ ഇത് പുനരുദ്ധരിക്കണമെന്നുള്ളതും നിർമ്മാണം നടത്തണമെന്നുള്ളതും നാടിന്റെ ഏറ്റവും വലിയ ആവശ്യമാണ്. നമ്മുടെ പാർലമെന്റ് സഭകളിലും ഇത് പുനർനിർമ്മാണം നടത്തണമെന്ന ആവശ്യം ദീർഘകാലമായി ഉയർന്നുവന്നിട്ടുള്ളതാണ്. ജനങ്ങളുടെ ആവശ്യത്തിന്റെ ഫലമായിട്ടാണ് അത് പുനർനിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടായത്. ഇതിനുവേണ്ടി ധനകാര്യ കമ്മീഷൻ 225 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നാലു വർഷത്തിനുമുമ്പ് ഒരു ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജലപാത നേരിൽകാണാനും പരിശോധിക്കാനും അവിടെവരികയും താൽക്കാലികമായി ആ ജലപാത സഞ്ചാരയോഗ്യമാക്കി അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

അതുവഴി സഞ്ചരിക്കുകയും അദ്ദേഹത്തോടൊപ്പം ഞാനും കൂടി പോയിരുന്നു. അവിടെ ഒരു തുരങ്കത്തിലൂടെ സഞ്ചരിച്ചതിനുശേഷം ഒരു പത്രസമ്മേളനം നടത്തുകയുണ്ടായി. രണ്ടു വർഷത്തിനുള്ളിൽ ഇതിന്റെ പുനർനിർമ്മാണം നടത്തി ഇതുവഴി ബോട്ടുകളും മറ്റ് വെസൽസും പോകുന്നതിനുവേണ്ടിയുള്ള സൗകര്യമുണ്ടാക്കുമെന്ന് ആ പത്രസമ്മേളനത്തിൽ അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചിരുന്നു. പക്ഷെ ദൗർഭാഗ്യവശാൽ ഒരു സർക്കാരിന്റെ ഇച്ഛാശക്തി ഇല്ലായ്മയുടേയും നടപടിയെടുക്കാനുള്ള പ്രാപ്തിയില്ലായ്മയുടേയും ഏറ്റവും വലിയ ഉദാഹരണമായി ടെൻഡർ നടപടിപോലും അക്കാര്യത്തിൽ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആയിരക്കണക്കിന് ലോഡ് മണൽ മണൽ മാഫിയാക്ക് കൊണ്ടു പോകാനുള്ള അവസരമൊരുക്കിയെന്നുള്ളതല്ലാതെ ടെൻഡർ നടപടികൾ പോലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുമായി ബന്ധപ്പെട്ട ഒരു കാര്യവും ഈ നാലുവർഷത്തിനിടയ്ക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എത്ര ലജ്ജാവഹമാണ്. മണൽ മാഫിയ മണൽ കൊണ്ടുപോകുന്നതിനെതിരെ നാട്ടിൽ വലിയ പരാതികളുണ്ടാകുകയും ജനങ്ങളാകെ മംഗത്തിറങ്ങി തടയുകയുമുണ്ടായി. ഒരു നാടിന്റെ പുരോഗതിയിൽ, ഒരു നാടിന്റെ വികസനത്തിൽ ശ്രദ്ധിക്കേണ്ട എത്രയോ കാര്യങ്ങളെക്കുറിച്ച് നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്നു. ഒന്നും ചെയ്യാൻ കഴിയാത്ത ഈ സംഭവമെന്തെന്ന് ജനങ്ങൾക്ക് അറിയാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിരുത്തരവാദപരമായിട്ടുള്ള നടപടി ഒരു നാടിനെ സംബന്ധിച്ചിടത്തോളം നാശോന്മുഖമാക്കാൻ മാത്രമേ ഉതകുകയുള്ളു. ഇതിന്റെ നിജസ്ഥിതിയെന്താണെന്ന് വെളിപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : ജലപാതയുടെ പ്രാധാന്യത്തെക്കുറിച്ച് ശ്രീ. വർക്കല കഹാർ സൂചിപ്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളോടും സർക്കാർ പൂർണ്ണമായി യോജിക്കുകയാണ്. 2006-2010 കാലയളവിലേക്ക് ദേശീയ ജലപാതയുടെ വികസനത്തിനായി പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ 225 കോടി രൂപ അനുവദിച്ചതിൽ 204 കോടി രൂപയുടെ പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ഒന്നാം ഘട്ട പ്രവൃത്തികൾക്ക് രണ്ടാം ഘട്ടമായിട്ട് 52 കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ട്. അതിൽ 45 കോടി രൂപ മെയിൻ കനാലിനും 7.2 കോടി രൂപ ഫീഡർ കനാലിനും അനുവദിച്ചതു വിനിയോഗിച്ച് 119 വർക്കുകളിൽ 92 എണ്ണം പൂർത്തീകരിച്ചു. എന്നാൽ രണ്ടാം ഘട്ടത്തിൽ മെയിൻ കനാലുകൾക്ക് 140 കോടി രൂപയും ഫീഡർ കനാലുകൾക്ക് 6 കോടി രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്ക് 5 കോടി രൂപയും അനുവദിച്ചു വെങ്കിലും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഗൗരവ തരമായ പോരായ്മകളുണ്ടായിട്ടുണ്ട്. നാൽപ്പത്തിയേഴ് നിർമ്മാണ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്. സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികളിൽ ഇപ്പോൾ സഭയിൽ സൂചിപ്പിച്ച തുരങ്കവും ഉൾപ്പെടുന്നതാണ്. 136 കോടി രൂപ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാനം മാർച്ച് 31-ന് മുമ്പ് ട്രാൻസ്ഫർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ മുന്നോട്ടുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയ പ്രവൃത്തികളിൽ രണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കി പുരോഗതിയിലുമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ആ വീഴ്ച പരിഹരിക്കാൻ സർക്കാർ പരിശ്രമിക്കും. ഇപ്പോൾ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്ന്, കണ്ണൂർ-കാസർഗോഡ് മേഖലയിൽ 41 കിലോമീറ്റർ നീളത്തിൽ ജലപാതാ നവീകരണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 5 ബോട്ടുജെട്ടികളും നിർമ്മിച്ചിട്ടുണ്ട്. കോഴിബസാർ പാലത്തിന്റെ പണി ഭാഗികമായി നടപ്പിലാക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ വടക്കുംപാട് നദിയുടെ ഒന്നര കിലോമീറ്റർ ഭാഗത്തെ പണി പൂർത്തിയായിട്ടുണ്ട്. കേപ്പിൾ കല്ലായം കനാലിന്റെ ഒന്നരകിലോമീറ്റർ ഭാഗത്തെ നവീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ പൊന്നാനി ഭാഗത്ത് 800 മീറ്റർ ഭാഗത്തെ പണി പൂർത്തിയാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പൊന്നാനി - കൊച്ചി കനാലിന്റെ നാലര കിലോ മീറ്റർ പാത ഗതാഗതയോഗ്യമാക്കിത്തീർത്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ നടയറ മുതൽ ഇരവിപുരംവരെയുള്ള 14 കിലോമീറ്റർ ഭാഗത്തെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 62 ബോട്ട് ജെട്ടികൾ നിർമ്മിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആറ് ബോട്ട് ജെട്ടികളും ചങ്ങാടം ലാന്റിംഗ് യാർഡും പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഏഴ് ഇടത്തോടുകളുടെ ആഴം വർദ്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഏഴ് ഇടത്തോടുകളുടെ ആഴം വർദ്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുകയും മൂന്ന് ബോട്ട് ജെട്ടികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയതിൽ രണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ചു ബാക്കി പുരോഗതിയിലുമാണ്. കനാൽ പുറംപോക്ക് സർവ്വേ നടത്തി അടയാളപ്പെടുത്തുന്നതിൽ വന്ന കാലതാമസമാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. അതുപോലെ തന്നെ കനാൽ പുറംപോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറുകൾക്ക് വേണ്ടത്ര പ്രതികരണം കരാറുകാരിൽനിന്ന് ലഭിക്കാതിരിക്കുകയും റവന്യൂ, മെക്കാനിക്കൽ, ജിയോളജി, പോലീസ് എന്നീ വകുപ്പുകളുടെ പരാതികളുടെ വെളിച്ചത്തിൽ പലപ്പോഴും പണികൾ നിർത്തിവയ്ക്കേണ്ടിവന്നതും പ്രവൃത്തികളുടെ നിർമ്മാണത്തിലും പുരോഗതിയിലും തടസ്സങ്ങളുണ്ടാക്കിയിട്ടുണ്ട്; ഈ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനും ബഹുമാനപ്പെട്ട മെമ്പറുടെ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ പരിഹരിക്കുന്നതിനും സർക്കാർ പരിശ്രമിക്കുന്നതാണ്.

<u>ശ്രീ. വർക്കല കഹാർ</u> : ടി. എസ്. കനാലിന്റെ കൊല്ലം-തിരുവനന്തപുരം മേഖലയിലെ മേജർ സ്ട്രെച്ചിലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാനും പുറംപോക്കിലുള്ളവരെ ഒഴിപ്പിക്കാനും നടപടികൾ സ്വീകരിക്കാൻ കഴിയാത്തത്. ഇത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളടക്കം അടിയന്തരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ നടപടി സ്വീകരിക്കാമോ ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : അടിയന്തരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ ഏർപ്പാട് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly